# SSLC EXAMINATION, MARCH - 2019

## SOCIAL SCIENCE

(Malayalam)

Time : 2½ Hours | Total Score : 80

നിർദ്ദേശങ്ങൾ :

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- **Part-A** യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **Part-B** യിലെ ഓരോ ചോദ്യ നമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

### PART - A

| | | Score |
|---|---|---|
| 1. | ഗാന്ധിജി ഇന്ത്യയിൽ നടത്തിയ പ്രാദേശിക സമരങ്ങളിൽ ആദ്യത്തേത് ഏതായിരുന്നു ? | 1 |
| 2. | "രാഷ്ട്രത്തിന്റെ ലക്ഷ്യം ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ നന്മ ചെയ്യലാണ്". ഇത് ഏത് ചിന്തകന്റെ പ്രസ്താവനയാണ്. | 1 |
| 3. | സിംല, ഡാർജിലിംഗ് തുടങ്ങിയ പ്രധാന ശൈത്യകാല സുഖവാസ കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നത് ഉത്തര പർവ്വത മേഖലയിലെ ഏത് സിരയിലാണ് ?<br>(a) കാരക്കോറം (b) ഹിമാദ്രി (c) ഹിമാചൽ (d) സിവാലിക് | 1 |
| 4. | 'വനിതാ ശാക്തീകരണം ഇന്ത്യയുടെ ശാക്തീകരണം' എന്നത് ഏത് ബാങ്കിന്റെ മുദ്രാവാക്യമാണ് ?<br>(a) മുദ്രാബാങ്ക് (b) മഹിളാബാങ്ക്<br>(c) എക്സിം ബാങ്ക് ഓഫ് ഇന്ത്യ (d) വികസന ബാങ്ക് | 1 |
| 5. | പശ്ചിമ ബംഗാളിലെ ഗംഗാ - ബ്രഹ്മപുത്രാ ഡൽറ്റാ പ്രദേശം എന്തിനാൽ പ്രസിദ്ധമാണ് :<br>(a) തേയില തോട്ടങ്ങൾ (b) ഗോതമ്പ് കൃഷി<br>(c) പരുത്തി കൃഷി (d) ചണം കൃഷി | 1 |
| 6. | 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക. | 4 |

| എ | ബി |
|---|---|
| ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ | മഹാത്മാ ഗാന്ധി |
| വാർധാ വിദ്യാഭ്യാസ പദ്ധതി | പണ്ഡിത രമാബായി |
| ബനാറസ് സംസ്കൃത കോളേജ് | വില്യം ജോൺസ് |
| ശാരദാ സദൻ | ജോനാഥൻ ഡങ്കൻ |

Score

7. ഇന്ത്യയിലെ വടക്ക് കിഴക്കൻ മൺസൂൺ കാലത്തെ കുറിച്ച് വിവരിക്കുക. 3

8. പൗരത്വം എന്നാൽ എന്ത് ? രണ്ട് തരം പൗരത്വങ്ങൾ ഏതെല്ലാം ? 3

9. അഭിമുഖവും സോഷ്യൽ സർവേയും സമൂഹശാസ്ത്ര പഠനത്തിന് ഉപയോഗിക്കുന്ന രണ്ട് പഠന രീതികൾ ആണ്. അവ താരതമ്യം ചെയ്ത് കുറിപ്പെഴുതുക. 3

10. ഇന്ത്യയിൽ ഗോതമ്പ് കൃഷിക്ക് അനുയോജ്യമായ ഭൂമി ശാസ്ത്രപരമായ സാഹചര്യങ്ങൾ എഴുതുക. 3

11. വാണിജ്യബാങ്കുകൾ ജനങ്ങൾക്ക് പണവായ്പ നൽകുന്നത് എന്തെല്ലാം ആവശ്യങ്ങൾക്കായാണ് ? 3

12. ബംഗാളിൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകൾ വ്യക്തമാക്കുക. 4

13. മാനവ വിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ വിവരിക്കുക. 4

14. നിസ്സഹകരണ സമരത്തിന്റെ ഭാഗമായി ഗാന്ധിജി നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുക. 4

15. ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ, നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4

(a) നർമ്മദാനദി (b) കിഴക്കൻ തീരസമതലം

(c) തൂത്തുക്കുടി തുറമുഖം (d) കിഴക്കൻ മലനിരകൾ

## PART - B

16. ജവഹർലാൽ നെഹ്റുവുമായി പഞ്ചശീലതത്ത്വങ്ങൾ ഒപ്പ് വെച്ചത് ആര് ? പഞ്ചശീലതത്ത്വങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക. 3

**അല്ലെങ്കിൽ**

മലബാർ കലാപത്തെകുറിച്ച് കുറിപ്പ് തയാറാക്കുക.

17. വിവിധ പ്രദേശങ്ങളിൽ അന്തരീക്ഷ മർദ്ദത്തിൽ വ്യതിയാനമുണ്ടാകാൻ കാരണമെന്ത് ? 3

**അല്ലെങ്കിൽ**

പട്ടിക ഉചിതമായി പൂർത്തിയാക്കുക.

| ദിനം | സൂര്യന്റെ ആപേക്ഷിക സ്ഥാനം | ഈ ദിവസത്തിന്റെ പ്രത്യേകത |
|---|---|---|
| മാർച്ച് 21 | • ഭൂമധ്യരേഖ | • വിഷുവം (സമരാത്രദിനം) |
| ജൂൺ 21 | (a) . . . . . . . . . . | (b) . . . . . . . . . . |
| സെപ്റ്റംബർ 23 | (c) . . . . . . . . . . | (d) . . . . . . . . . . |
| ഡിസംബർ 22 | (e) . . . . . . . . . . | (f) . . . . . . . . . . |

18. ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ സംയോജനവുമായി ബന്ധപ്പെട്ട ലയനകരാർ എന്തെന്ന് വ്യക്തമാക്കുക. അത് തയ്യാറാക്കിയ വ്യക്തികളുടെ പേരെഴുതുക.

**അല്ലെങ്കിൽ**

മലബാറിൽ കേരളവർമ പഴശ്ശിരാജ ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ ചെറുത്ത് നിൽപ്പുകൾ വിവരിക്കുക.

4

19. ഭരണനവീകരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത് ? ഇതിന്റെ ഭാഗമായി ഇന്ത്യയിൽ നടപ്പിലാക്കിയ ഭരണ പരിഷ്കാരങ്ങൾ എഴുതുക.

**അല്ലെങ്കിൽ**

പൗരബോധം നേരിടുന്ന വെല്ലുവിളികളെ ഏതൊക്കെവിധം മറികടക്കാനാകും ?

4

20. പ്രത്യക്ഷ നികുതി, പരോക്ഷനികുതി എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.

**അല്ലെങ്കിൽ**

ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളേയും സ്ഥാപനങ്ങളേയും കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

4

21. കേന്ദ്രസർവീസിനെ ഉദാഹരണ സഹിതം വിശദമാക്കുക.

**അല്ലെങ്കിൽ**

പൗരബോധം രൂപീകരിക്കുന്നതിൽ കുടുംബത്തിനുള്ള പങ്ക് വ്യക്തമാക്കുക.

4

22. വിദൂര സംവേദനം എന്നാൽ എന്ത് ? പ്ലാറ്റ്ഫോം അടിസ്ഥാനമാക്കിയുള്ള വിവിധതരം വിദൂരസംവേദനരീതികൾ വിശദമാക്കുക.

**അല്ലെങ്കിൽ**

ചുവടെ നൽകിയിട്ടുള്ള ഭൂപട ചിഹ്നങ്ങൾ ഓരോന്നും ഏത് ഭൗമ സവിശേഷതയെയാണ് സൂചിപ്പിക്കുന്നതെന്നും ധരാതലീയ ഭൂപടങ്ങളിൽ ഈ ചിഹ്നങ്ങൾ ഏത് നിറത്തിലാണെന്നും എഴുതുക.

| നമ്പർ | ചിഹ്നം | സവിശേഷത | നിറം |
|---|---|---|---|
| (i) |  | | |
| (ii) |  | | |
| (iii) |  | | |
| (iv) |  | | |

Score

23. ഉപഭോക്തൃ തർക്കത്തിൽ ഉപഭോക്താവിന് പരാതി നൽകാവുന്ന സന്ദർഭങ്ങൾ എഴുതുക. 4

**അല്ലെങ്കിൽ**

ഇന്ത്യാഗവൺമെന്റിന്റെ നികുതി ഇതരവരുമാന സ്രോതസ്സുകൾ ഏതെല്ലാം?

24. ഏതെങ്കിലും രണ്ട് ആഗോളവാതവ്യവസ്ഥകൾ വിശദമാക്കുക. 5

**അല്ലെങ്കിൽ**

അന്താരാഷ്ട്ര ദിനാങ്ക രേഖയെ അടിസ്ഥാനമാക്കി താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(i) അന്താരാഷ്ട്ര ദിനാങ്ക രേഖ എന്നാൽ എന്ത് ?

(ii) ഈ രേഖയ്ക്ക് മറ്റ് രേഖാംശങ്ങളിൽ നിന്നുള്ള വ്യത്യാസവും അതിനുള്ള കാരണവും വ്യക്തമാക്കുക.

(iii) ഗ്രീനിച്ച് സമയം ഉച്ചയ്ക്ക് 12 മണിയായിരിക്കുമ്പോൾ അന്താരാഷ്ട്ര ദിനാങ്കരേഖയിൽ സമയം എത്രയായിരിക്കും ?

25. തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഫ്രഞ്ചു വിപ്ലവത്തിന്റെ പശ്ചാത്തലം വിവരിക്കുക. 6

- ഫ്രഞ്ച് സമൂഹം
- ചിന്തകന്മാരും അവരുടെ ആശയങ്ങളും

**അല്ലെങ്കിൽ**

ആഗോളവൽക്കരണത്തിന്റെ സവിശേഷതയും അത് ലോകത്തുണ്ടാക്കിയ സ്വാധീനവും വിവരിക്കുക.

- o 0 o -